"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2015-16 - തൃത്താല നിയോജക മണ്ഡലം - ആലൂർ യുവജനവായനശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക 2018-19 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതിയിൽ നിന്ന് അനുവദിച്ച് കൊണ്ട് പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ.(സാധാ) നം.926/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/05/2020**

---

പരാമർശം:- 1 28/07/2015-ലെ സ. ഉ (ആർ.റ്റി) നം. 2315/2015/ത സ്വ ഭ വ നമ്പർ ഉത്തരവ്.

2 19/02/2016-ലെ സ. ഉ (ആർ.റ്റി) നം. 708/2016/ത സ്വ ഭ വ നമ്പർ ഉത്തരവ്.

3 04/08/2018-ലെ സ. ഉ (അച്ചടി) നം. 119/2018/ധന നമ്പർ ഉത്തരവ്.

4 ശ്രീ. വി.ടി.ബൽറാം എം.എൽ.എ.യുടെ 19/11/2019ലെ കത്ത്.

5 06/01/2020-ലെ സ. ഉ (ആർ.റ്റി) നം. 143/2020/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തൃത്താല നിയോജക മണ്ഡലത്തിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ ആലൂർ യുവജനവായനശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2015-16 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും പരാമർ ശം (1) പ്രകാരം ഭരണാനുമതി ഉത്തരവാകുകയും പരാമർ ശം (2) പ്രകാരം ഭരണാനുമതി ഭേദഗതി ഉത്തരവാകുകയും (36,50,000/- രൂപ) ചെയ്തിരുന്നു. ടി വായനശാല കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിച്ച് ഗേറ്റ് സ്ഥാപിക്കുക, റാമ്പ് നിർമ്മിക്കുക, ഇരിപ്പിടങ്ങളോട് കൂടിയ ഔട്ട്സൈഡ് റീഡിംഗ് ഏരിയ, കെട്ടിടത്തിന് ചുറ്റുമുള്ള തറ ഇന്റർലോക്ക് ചെയ്യുക, ടോയ് ലെറ്റ് നിർമ്മിക്കുക തുടങ്ങി ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്നും ആയതിനാൽ ടി പ്രവൃത്തികൾക്കായി 6,85,000/- രൂപ അധികമായി ആവശ്യം വന്നിട്ടുണ്ടെന്നും ടി തുക 2018-19 സാമ്പത്തിക വർഷത്തിലെ എം.എൽ.എ – എ.ഡി.എസ്. ൽ നിന്നും അനുവദിച്ച് തരണമെന്നും മുൻപ് അനുവദിച്ച 36,50,000/- രൂപയുടെ കൂടെ 6,85,000/- രൂപ കൂടി ചേർത്ത് 43,35,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും ബഹു. എം.എൽ.എ. ശ്രീ. വി.ടി. ബൽറാം പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർ ശം ( 5 ) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ തൃത്താല നിയോജക മണ്ഡലത്തിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ ആലൂർ യുവജനവായനശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2015-16 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച 36.5 ലക്ഷം രൂപയുടെ കൂടെ 2018-19 സാമ്പത്തിക വർഷത്തിലെ എം.എൽ.എ - എ.ഡി.എസ്. ൽ നിന്നും 6,85,000/- രൂപ കൂടി അധികമായി അനുവദിച്ച് ആകെ 43,35,000/- രൂപയുടെ (നാല്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തഞ്ചായിരം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ശ്രീ.വി.ടി.ബൽറാം എം.എൽ.എ.( ആമുഖ കത്ത് സഹിതം).

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, പട്ടിത്തറ ഗ്രാമപഞ്ചായത്ത്, പാലക്കാട്.

ധനകാര്യ (നോഡൽ സെന്റർ -സി ) വകുപ്പ് (e-88296).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ